## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.724 12.12.2012-ൽ മറുപടിയ്ക്ക്

### സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്:<br>ശ്രീ. റ്റി. യു. കുരുവിള: | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ; | (എ) സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം 160 കോടി രൂപ ചെലവഴിച്ചു. ഇതേ ആവശ്യത്തിന് നടപ്പ സാമ്പത്തിക വർഷം 121 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആധുനിക ഉപകരണങ്ങളും ചികിത്സാസൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനാണ് ഈ തുക ഉപയോഗപ്പെടുത്തുന്നത്. സർക്കാർ മെഡിക്കൽ കോളേജുകളിൽ മൾട്ടി ഡിസിപ്ലിനറി ഐ.സി.യു. സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ജീറിയാട്രിക് വിഭാഗം തുടങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. തൃശ്ശൂർ ഒഴികെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രോമകെയർ സംവിധാനം ഒരുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ട്. ഇത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ അപകടത്തിൽപ്പെട്ട് അത്യാസന്ന നിലയിൽ എത്തുന്ന രോഗികൾക്ക് അടിയന്തര പരിചരണം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; രോഗികൾക്ക് അടിയന്തര പരിചരണം ഉറപ്പ വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ അപകടത്തിൽപ്പെട്ട് അത്യാസന്ന നിലയിൽ എത്തുന്ന രോഗികൾക്ക് അടിയന്തര പരിചരണം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ അത്യാഹിത വിഭാഗം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് (സാ) നം.4024/11/ആകുവ തീയതി 21.11.2011 പ്രകാരം ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ സ്ഥാപിക്കാൻ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ